Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 22&23/8/2007

Keraleeyam
2007 August

Rs. 20/-

ജി.ആർ. ഇന്ദുഗോപൻ രചിച്ച 'കള്ളന്റെ പുസ്തക'ത്തിൽ നിന്ന്.
ഒരു മോഷ്ടാവിന്റെ യഥാർത്ഥ ജീവിതം. കേരളീയം മെയ് ലക്കം തുടർച്ച

# രാത്രി ട്രാക്കിൽ ഒരു പെണ്ണ് : ഒരു കള്ളൻ

കെ.മണിയൻപിള്ള

ഞാൻ പെണ്ണിനെയൊന്ന് നോക്കി. ഇപ്പോഴവൾ പാളത്തിന്റെ നടുക്കാണ്. അവളുടെ തല തൊട്ടടുത്തുതന്നെ കിടപ്പുണ്ട്. ഞാൻ പോയതിനുശേഷം ആരോ കൈവെച്ചിട്ടുണ്ട്. ഞാൻ മെല്ലെ മറുഭാഗത്തുള്ള പാളത്തിൽ നോക്കി നടന്നു. അൽപമകലെ, ഇപ്പോഴും അതിൽ കാണാം, കയറിൽ നിന്നുള്ള ചകിരിയുടെ അംശം. എനിക്ക് ഒന്നും പറയാനാവില്ല. ചിലപ്പോൾ കൊലപാതകക്കുറ്റവും എന്റെ തലയിൽ ചാർത്തിതരും. കള്ളന്റെ തലയിൽ ആർക്കും എന്തും ചാർത്താം. കള്ളനല്ലേ, ചിലപ്പോൾ ചെയ്തതാകും എന്ന് നാട്ടുകാരും ശരിമൂളും. ഒരു പൗരന്റെ ഒരു അവകാശവും കള്ളനില്ല. ഒരു പൂടയുടെ വിലപോലും അവനില്ല. ഇങ്ങനെ സമൂഹത്തിന് ഇടയ്ക്ക് കൗതുകപ്പെടാനും, ഇടയ്ക്ക് ചിലപ്പോൾ ഒന്ന് പേടിക്കാനുമൊക്കെയായി വല്ലാത്തൊരു ജന്മം.

എന്നെ അദ്ഭുതപ്പെടുത്തിയ ഒരു കാര്യം, ആ പെണ്ണിനെ റയിൽപ്പാളത്തിന്റെ അടുത്തു തന്നെ കുഴിച്ചിട്ടു എന്നതാണ്. ആരെങ്കിലും തല്ലിക്കൊന്ന് എടുത്ത് കിടത്തിയതായാലോ? പോസ്റ്റുമോർട്ടവുമില്ല, ഒരു കുന്തവുമില്ല. തലേന്നു രാത്രി ഞാൻ നടന്നു വന്ന വഴിയിൽ അവൾ, ഭർത്താവുമായി പിണങ്ങിയോ, വീട്ടുവേലയ്ക്കുനിന്ന വീട്ടിൽനിന്ന് ഉടമയെ ഭയന്നു ഇറങ്ങിയോടിയതോ ആണെന്നിരിക്കട്ടെ. വഴിയിൽവെച്ച് ക്രൂരമായി ബലാൽസംഗം ചെയ്തുകൊന്ന് ഞാൻ പാളത്തിൽ ഇട്ടതാണെന്നിരിക്കട്ടെ. അല്ലെങ്കിൽ എന്നെപ്പോലെ വേറേ ആരോ. അങ്ങനെയൊക്കെ സംഭവിച്ചുകൂടെ. കേറി അന്വേഷിക്കാനോ ചോദ്യം ചെയ്യാനോ എനിക്കാവില്ല. ഒന്നുരണ്ട് പരിചയക്കാരോട് വെറുമൊരു ഊഹം പോലെ ഒന്ന് സൂചിപ്പിക്കാമെന്നു തോന്നി. അവർ പറയും: ''നിനക്കല്ലേ പോലീസുകാരുമായി വലിയ അടുപ്പം. അങ്ങോട്ടു കേറിപ്പറ.'' അതുകൊണ്ട് ഒന്നും മിണ്ടാൻ പോയില്ല. ഇന്നും പ്രഹേളികയായി തോന്നുന്നു. ആരായിരുന്നു അവൾ? ആരും അവളെ അന്വേഷിച്ചു വന്നില്ലേ? ഇന്ന് അജ്ഞാതജഡങ്ങളൊക്കെ, ജില്ലാ ആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിച്ച് പേപ്പറിൽ പരസ്യം കൊടുക്കാറുണ്ടല്ലോ? അതോ അതിനുപിന്നിൽ ആരെങ്കിലും ഉണ്ടോ? പെട്ടെന്ന് ഒരു നടുക്കത്തോടെ ഞാൻ ഓർത്തു. ദൈവമേ, എത്ര സുന്ദരിയായിരുന്നു ആ കുട്ടി. ജീവിച്ചിരുന്നപ്പോൾ എത്ര പേർ വാലാട്ടി നടന്നു കാണണം. അവളെ ആരും അറിയില്ലെന്നോ. ഞാൻ സ്വയം ചോദിച്ചു കൊണ്ടിരുന്നപ്പോൾ, അവളുടെ ഉടലും തലയും ആരോ പാളത്തിനു പുറത്തേക്ക് എടുത്തിട്ടു. ട്രെയിനിന് കടന്നു പോകണം. ലോകത്തിന് കാത്തുനിൽക്കാൻ വയ്യ. അതിങ്ങനെ മുന്നോട്ടുപോയേ പറ്റൂ. കഴിഞ്ഞു അവളുടെ പ്രസക്തി. ആരോ ഒരു പച്ചോല വെട്ടിക്കൊണ്ടുവന്ന് ഉടലിലേക്കിട്ടു. ജനം പിരിഞ്ഞുപോയി. ഞാൻ മാത്രമായി. അൽപം നേരം കൂടി നിന്നു. മനസിലൊരു വിങ്ങൽ. എന്തേയൊരു അടുപ്പം. കണ്ണുനിറഞ്ഞു. പിന്നെ ഞാനും...

ഞാൻ ജയിൽശിക്ഷ പൂർത്തിയാക്കി, നല്ല നടപ്പിന് പോലീസ് സ്റ്റേഷനിൽ വാല്യക്കാരനായി നിൽക്കുന്ന കാലം. അന്നൊക്കെ, എത്ര ജഡത്തിന് കാവൽ നിന്നിട്ടുണ്ട്. യുവതികൾ. തീവണ്ടി അടിയേറ്റാൽ, ആദ്യം വീഴും. ശക്തമായ കാറ്റിൽ ഉടുതുണിയുടെ സ്ഥാനം തെറ്റും. ജനത്തിന്റെ ആവേശത്തോടെയുള്ള ഓട്ടത്തിൽ ആയൊരു മനഃശ്ശാസ്തവുമുണ്ട്. ആണോ പെണ്ണോ? രണ്ടാമത്തെ ഇനമാണെന്ന് കേൾക്കുമ്പോൾ, ഏത് ഏതു ഐ.എ.എസ്സുകാരനാണെങ്കിലും ഒരു കഴഞ്ചു വേഗം കൂടും. കുറ്റമല്ല. പ്രകൃതിയുടെ കളി. അപ്പോൾ, അതിന്റെ പിന്നിലെ വൈകൃതമൊന്നും മനസിലുണ്ടാവില്ല. സ്വയം ഒന്ന് നോക്കിയ ശേഷമേ തുടങ്ങൂ, അതിൽ ധാർമ്മികരോഷം. പോലീസെത്തിയോ, അഥവാ സ്ഥലത്തെ മാന്യന്മാരോ എത്തി പച്ചോല വെട്ടി ദേഹത്തിടുകയാണ് ആദ്യം ചെയ്യുന്നത്. കാക്കയും പട്ടിയും എടുത്തുകൊണ്ടു പോകാതിരിക്കാൻ.

ജയിൽശിക്ഷ കഴിഞ്ഞ് തീർന്നോ, ഇത്തരം വേദനിപ്പിക്കുന്ന അനുഭവങ്ങൾ. പിന്നെ പോലീസുകാർക്ക് കൂട്ടുപോകലായി. കൈ പോയത്, കാലു പോയത്, കൂട്ടിയോജിപ്പിച്ച്, ഇനിയേത് ഭാഗമുണ്ടെന്ന് അറിഞ്ഞ് ബാക്കി ഭാഗങ്ങൾ തെരഞ്ഞ് പൊന്തയിലും വയലിലും തോടിലും അരിച്ചു പെറുക്കൽ. ഒരിക്കൽ ഒരു മണ്ണാത്തിപ്പെണ്ണിന്റെ ശവം പട്ടികൾ കടിച്ചു വലിച്ചു നാലുപാടുമിട്ടു. അവളുടെ ഭർത്താവ് ഒരിടത്തിരുന്ന് കരയുകയാണ്. അഭിനയമല്ല. അയാളുടെമായി വഴക്കുകൂടിയതാണ്. കള്ളുകുടിച്ചുകഴിഞ്ഞ്. സ്ഥിരമാണ്. രണ്ടുമണിക്കൂർ പോരുകണ്ടാൽ ഭീകരം. രണ്ടു പേരും വിട്ടുകൊടുക്കില്ല. ഭീകരമായ വാശി. ഞാൻ പോയി ചാകുമെന്ന് രണ്ടുപേരും മത്സരിച്ച് പറയും. രാവിലെ പഴ്സപരം കരഞ്ഞ് കെട്ടിപ്പിടിച്ച് ഉമ്മയും കൊടുത്താണ് അവർ അലക്കാൻ ഒരുമിച്ച് പോകുന്നത്. അങ്ങനെ ഒരു വാശിപ്പുറത്ത്, പുതിയൊരു നമ്പരിട്ടതാണ് കെട്ടിയവൻ. ഞാൻ ചാടിച്ചാകാൻ പോകുന്നെന്ന് പറഞ്ഞ് ഒരു പോക്ക്. പെണ്ണ് പേടിച്ചു പോയി. പിറ്റേന്ന് കരഞ്ഞ് കെട്ടിപ്പിടിച്ച് കണക്കു തീർക്കേണ്ട പെണ്ണ് പതിനാറു കഷണമായി കിടക്കുന്നു. വാശി ഒരിക്കലും നന്നല്ല. മിനിട്ടുവെച്ച് ഇരട്ടപ്പെരുക്കത്തിലാണ് അത് വളർന്നു കേറുന്നത്. കൂട്ടത്തിൽ ബോധമുള്ളവർ ശടേന്ന് ഈഗോ കൈവിടണം. കഴിയില്ലെങ്കിൽ നാക്കിൽ കടിച്ചങ്ങ് നിൽക്കണം. പുരുഷൻ അങ്ങനെ ചെയ്യുന്നതാണ് നല്ലത്. പെണ്ണോ കുറേക്കൂടി ബഹളം വെച്ച് കുറെ കരഞ്ഞങ്ങ് അടങ്ങും.

*ജി.ആർ. ഇന്ദുഗോപൻ, 'വയലറ്റ്', എസ്.ബി.എൻ.-19,*
*മരിപ്പൻകോട്, പേരൂർക്കട, തിരുവനന്തപുരം-5*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9447674375, E-mail : keraleeyamtcr@rediffmail.com